# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6313 11/07/2012 -ൽ മറുപടിക്ക്

## കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ ഏതെല്ലാം തസ്തികകളിലേക്കുള്ള നിയമനത്തിനായാണ് റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നത്; ഓരോ റാങ്ക് ലിസ്റ്റിന്റെയും കാലാവധി എത്ര വീതമാണ്; റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകാറുണ്ടോ; | (എ) കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസിലെയും, പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്പനി, കോർപ്പറേഷൻ, ബോർഡുകൾ, കോ-ഓപ്പറേറ്റീവ് സെക്ടർ, ലോക്കൽ അതോറിറ്റി എന്നിവയിൽനിന്നും നിയമനത്തിനായി പി.എസ്.സി. – യ്ക്ക് വിട്ടിട്ടുള്ള തസ്തികകളിലേയ്ക്കും പി.എസ്.സി.റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നുണ്ട്. ഒരു റാങ്ക് ലിസ്റ്റ് നിലവിൽവരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് 1 വർഷവും ഏറ്റവും കൂടിയത് 3 വർഷവും ആണ് കാലാവധി. ഒരു വർഷം കഴിഞ്ഞ് പ്രസ്തുത തസ്തികയ്ക്ക് റാങ്ക് ലിസ്റ്റ് നിലവിൽ വന്നാൽ നിലവിലുള്ള റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ നടപടി ചട്ടങ്ങളിലെ റൂൾ-13-ന്റെ 5-ാം പ്രൊവിസോ പ്രകാരമുള്ള സാഹചര്യങ്ങൾ സംജാത-മാകുമ്പോൾ ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി പരമാവധി 4 1/2 വർഷം വരെ ദീർഘിപ്പിക്കാറുണ്ട്. |
| (ബി) റാങ്ക് ലിസ്റ്റുകൾക്ക് ഒരു വർഷത്തിൽ കൂടുതൽ കാലാവധി നൽകുന്നതുകൊണ്ടും ദീർഘിപ്പിച്ച് നൽകുന്നതുകൊണ്ടും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസംകൊണ്ടും യോഗ്യതാ പരീക്ഷ നേടുന്ന ഉദ്യോഗാർത്ഥികൾക്ക് നിരവധി വർഷങ്ങൾ പാഴായിപ്പോകുന്നതും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇതിനു പരിഹാരമായി എല്ലാ വർഷവും ജനുവരി ഒന്നു മുതൽ | (സി) ഇപ്പോൾ പരിഗണനയിലില്ല |

| | |
|---|---|
| മുതൽ പ്രാബല്യം നൽകുന്ന വിധത്തിൽ [illegible]പ്പെട്ട തസ്തികകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണ നടപടികൾ മുൻകൂട്ടി തയ്യാറാക്കിയ ടൈം-ടേബിൾ അനുസരിച്ച് നടത്തുന്നതിനും റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഒരു വർഷമായി ചുരുക്കുന്നതിനും പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്തുമോ; | |
| (ഡി) ഇതിനായി വിവര സാങ്കേതിക വിദ്യയുടെ സഹായം തേടുമോ ? | (ഡി) വിവര സാങ്കേതികവിദ്യയുടെ സഹായം പരമാവധി പ്രയോജനപ്പെടുത്തി ഒറ്റത്തവണ രജിസ്ട്രേഷൻ തുടങ്ങിയ സംരംഭങ്ങൾ കമ്മിഷൻ തുടക്കമിട്ടിരിക്കുന്നത് നിയമന നടപടികൾ ത്വരിതപ്പെടുത്തുക എന്ന ഉദ്ദേശത്തോടെയാണ്. |

സെക്ഷൻ ഓഫീസർ